LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ ലോകമാർക്കറ്റിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയാണ് രണ്ടുവർഷം കൂടുമ്പോൾ നടക്കുന്ന കേരള ട്രാവൽ മാർട്ട്. ഈ മേഖലയിലുള്ള എല്ലാ സംരംഭകരുടെയും ഉല്പന്നങ്ങൾ കേരളത്തിനു പുറത്തും മറ്റിതര സംസ്ഥാനങ്ങളിൽ നിന്നും, വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ഉപഭോക്താക്കളെ കണ്ടെത്തി വിപണനം ചെയ്യുക എന്നുള്ളതാണ് കേരള ട്രാവൽ മാർട്ടിന്റെ പ്രധാന ഉദ്ദേശ്യം.

(ബി) ഈ മേളയുടെ ഉപഭോക്താക്കളായി ഇന്ത്യയ്ക്കകത്തു നിന്നും, വിദേശത്തു നിന്നും ടൂറിസം വിപണനം നടത്തുന്ന സംരംഭകരും പ്രമുഖ പത്ര-മാധ്യമ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. കേരള ട്രാവൽ മാർട്ടിന്റെ ഈ മേളയിൽ പങ്കെടുക്കുന്നതിനുവേണ്ടി കേരള ട്രാവൽ മാർട്ടിൽ ഉപഭോക്താക്കളായിട്ട് രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് വിദഗ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന ഉപഭോക്താക്കളെയാണ് മേളയിൽ പങ്കെടുക്കുന്നത്.

(സി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് 2.5 കോടി രൂപയായിരുന്നു. കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ കൂടിയും സോഷ്യൽ മീഡിയ വഴിയും വ്യാപാരികളും വകുപ്പും ചേർന്ന് നടത്തുന്ന മാർക്കറ്റിംഗ് വഴിയും കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന എക്സിബിഷൻ/റോഡ് ഷോ മുതലായവയിലൂടെയും ആകർഷിച്ച് ബോധവൽക്കരിക്കുന്ന ടൂറിസം സംരംഭകരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി, കേരളത്തിലെ സംരംഭകരുമായി വിപണന ചർച്ച നടത്തി, വിപണി വിപുലീകരിക്കുക, അതുവഴി വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കഴിഞ്ഞ കേരള ട്രാവൽ മാർട്ടിൽ മൂന്ന് ദിവസത്തെ മേളയിൽ ഏകദേശം 40000-ത്തോളം കൂടിക്കാഴ്ചകൾ തരപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഉരുത്തിരിയുന്ന വ്യാപാര കരാറുകൾ വഴി വിനോദ സഞ്ചാരമേഖലയുടെ വികസനമാണ് ഈ മേള കൊണ്ടുദ്ദേശിക്കുന്നത്.

വിനോദസഞ്ചാര കേന്ദ്ര വികസന പദ്ധതി

338(2807) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിപുലീകരണത്തിനും വരുമാന വർദ്ധന പ്രവർത്തനങ്ങൾക്കുമായി 2014-15-ൽ പ്രഖ്യാപിച്ച 50 കോടി രൂപയുടെ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഇവയിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; ഓരോ പദ്ധതിക്കും എത്ര തുക വീതം പിൻവലിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയായാണെന്നും അടിക്കടിയുണ്ടാകുന്ന ബോട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) 50 കോടി ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും പദ്ധതി ചെലവുകൾക്ക് പ്രത്യേകിച്ച് തുകയൊന്നും മാറ്റിയിട്ടില്ല.

കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്

339(2808) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-6-2012-ൽ 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 24-6-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ജിറ്റ്പാക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. പ്രസ്തുത മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly